031750

OFFICE OF THE DIRECTOR OF SOCIAL JUSTICE
21 AUG 2017
TRIVANDRUM

E/1

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP.1860(1)/2016/എസ്.ഐ.സി.**
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നം.12804/എസ്.ഐ.സി-ജി 4/2016)**
**സന്നിഹിതൻ**
**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. കെ. മുകുന്ദൻ,
പാർവതി ഹൗസ്.
പാമ്പാടി വെസ്റ്റ് പി.ഒ.,
തിരുവില്വാമല, തൃശ്ശൂർ -- 680 588. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സീനിയർ സൂപ്രണ്ട്,
   സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
   വികാസ് ഭവൻ, തിരുവനന്തപുരം – 695 033.
2. അപ്പീൽ അധികാരി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
   സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
   വികാസ് ഭവൻ, തിരുവനന്തപുരം – 695 033.

} എതിർകക്ഷികൾ

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ. മുകുന്ദൻ, 17.10.2016 തീയതിയായി സമർപ്പിച്ച അപ്പീൽ ഹർജി 19.10.2016 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.1860(1)/16/SIC ആയി ഫയലിൽ സ്വീകരിച്ച് 16.11.2016 തീയതി രണ്ടാം എതിർകക്ഷിയുടെ വിശദമായ റിപ്പോർട്ടിനായി അയച്ചുകൊടുക്കുകയും ആയത് പ്രകാരമുള്ള റിപ്പോർട്ട് 02.12.2016, തീയതിയായി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, കേരള സംസ്ഥാന സാമൂഹ്യനീതി വകുപ്പിൽ ശ്രീമതി കെ.ജി.ശ്രീദേവിയെ ജോയിന്റ് ഡയറക്ടർ ആയി നിയമിച്ചതിലുള്ള ക്രമക്കേടുമായും അവരെ തുടർന്ന് പ്രസ്തുത തസ്തികയിൽ ലീവിൽ വിരമിക്കുവാൻ അനുവദിച്ചത് സംബന്ധിച്ചും കേരള സംസ്ഥാന സാമൂഹ്യനീതി

വകുപ്പിൽ വിവരാവകാശ നിയമമനുസരിച്ച് രണ്ട് അപേക്ഷകളും അപ്പീലുകളും സമർപ്പിച്ചിരുന്നു എന്നും അതിന് ലഭിച്ച മറുപടികളിൽ അവ്യക്തത കാണുന്നതിനാൽ മേൽ നടപടികൾക്കും താൻ ഉന്നയിച്ച ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കണം എന്നും മറ്റുമാണ്.

3. 10.07.2017 തീയതി കമ്മീഷൻ തിരുവനന്തപുരം ആസ്ഥാനത്ത് വച്ചു നടത്തിയ ഹിയറിംഗിൽ ഒന്നാം എതിർകക്ഷി ഹാജരായിരുന്നു. അപ്പീൽ ഹർജിക്കാരൻ ഹാജരുണ്ടായിരുന്നില്ല.

4. 22.06.2016 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ശ്രീമതി. കെ.ജി. ശ്രീദേവി സാമൂഹ്യ നീതി വകുപ്പിൽ നിലവിലുണ്ടായിരുന്ന (എങ്ങനെ ഉണ്ടായ) ഒഴിവിലേക്കാണ് ജോയിന്റ് ഡയറക്ടർ ആയി പ്രമോട്ട് ചെയ്യപ്പെട്ടത് എന്നും നിശ്ചിത സമയപരിധി മാത്രമുള്ള ഒഴിവിലേക്ക് റഗുലർ പ്രമോഷൻ നൽകുവാൻ വ്യവസ്ഥയുണ്ടോ എന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. മേൽപ്പടി അപേക്ഷക്ക് 08.08.2016 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടിക്കെതിരെ 12.08.2016 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ആയതിനു 08.09.2016 തീയതി രണ്ടാം എതിർകക്ഷി ഹർജിക്കാരന് മറുപടി നൽകുകയും ചെയ്തു. ടി മറുപടിയിൽ പ്രസ്താവിച്ചത് ഹർജിക്കാരന്റെ 22.06.2016ലെ അപേക്ഷയ്ക്ക് വ്യക്തമായ മറുപടി നൽകിയിട്ടുള്ളതാണ് എന്നും ശ്രീമതി. പി.കെ. രാജശ്രീ, ജോയിന്റ് ഡയറക്ടർക്ക് ഡെപ്യൂട്ടേഷൻ നിയമനം നൽകിയപ്പോൾ വന്ന ഒഴിവിലാണ് ശ്രീമതി. കെ.ജി. ശ്രീദേവിയ്ക്ക് ഉദ്യോഗക്കയറ്റം നൽകിയത് എന്നും ഫയലിൽ ലഭ്യമായ മറുപടി നൽകുക എന്നതിൽ കവിഞ്ഞ് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനോ പരാതികൾക്ക് പരിഹാരം നിർദ്ദേശിക്കുവാനോ വ്യവസ്ഥയില്ലെന്നും ടി വിഷയവുമായി ബന്ധപ്പെട്ട് ഫയലിൽ നിന്ന് കൂടുതലായി എന്തെങ്കിലും അറിയണമെന്നുള്ള പക്ഷം മുൻകൂട്ടി അറിയിച്ച് ടി കാര്യാലയത്തിൽ വന്ന് ബന്ധപ്പെട്ട ഫയൽ പരിശോധിക്കാവുന്നതാണ് എന്ന് ഹർജിക്കാരനെ അറിയിച്ചതായും കാണുന്നു

5. രണ്ടാം എതിർകക്ഷി 02.12.2016 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, സാമൂഹ്യനീതി വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി. കെ.ജി.ശ്രീദേവിയ്ക്ക് ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിയമനം നൽകിയതുമായി ബന്ധപ്പെട്ട് ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം അപേക്ഷകളും അപ്പീൽ അപേക്ഷകളും ടി കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ടായിരുന്നതും ആയതിന് 08.08.2016, 26.08.2016, 08.09.2016, 03.10.2016 എന്നീ തീയതികളിലെ കത്തുകൾ പ്രകാരം ടിയാന് മറുപടി നൽകിയിട്ടുണ്ടായിരുന്നു എന്നും ടി മറുപടികളിന്മേൽ തൃപ്തനാകാതെയാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളത് എന്നും സാമൂഹ്യനീതി വകുപ്പിൽ രണ്ട് ജോയിന്റ് ഡയറക്ടർ തസ്തികകളാണ് നിലവിലുള്ളത് എന്നും ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി (ഹയർ)

തയ്യാറാക്കുന്ന അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ ജീവനക്കാരുടെ സെലക്ട് ലിസ്റ്റിൽ നിന്നുമാണ് ടി തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം നൽകുന്നത് എന്നും സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടർ നൽകുന്ന ശുപാർശ യുടെ അടിസ്ഥാനത്തിലാണ് സർക്കാർ, ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് നിയമനം നൽകുന്നത് എന്നും ഇപ്രകാരം ഹയർ ഡിപിസി തയ്യാറാക്കിയ ജോയിന്റ് ഡയറക്ടർ തസ്തികയുടെ സെലക്ട് ലിസ്റ്റ് സർക്കാർ അംഗീകരിച്ച് ഉത്തരവായിരുന്നു എന്നും ആയതിൽ മുന്ന് ജീവനക്കാർ ഉൾപ്പെട്ടിരുന്നു എന്നും ആയതിൽ ക്രമ നമ്പർ (1) ആയി ഉൾപ്പെട്ടിരുന്ന ശ്രീ.കെ. മുകുന്ദന് ടി സെലക്ട് ലിസ്റ്റ് നിലവിൽ വരുന്നതിനു മുമ്പ് ജോയിന്റ് ഡയറക്ടർ തസ്തികയിൽ സർക്കാർ താൽക്കാലിക ഉദ്യോഗക്കയറ്റം നൽകുകയും ടിയാൻ സർവ്വീസിൽ നിന്നും 31.03.2015ന് വിരമിക്കുകയുമുണ്ടായി എന്നും ജോയിന്റ് ഡയറക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകുന്നതിനായി ടി കാര്യാലയ ത്തിൽ നിന്നും സർക്കാരിൽ ശുപാർശ സമർപ്പിക്കുന്ന സമയത്ത് ടി തസ്തികയിൽ ഒരു ഒഴിവ് മാത്രമാണ് നിലവിലുണ്ടായിരുന്നത് എന്നും സെലക്ട് ലിസ്റ്റിലെ രണ്ടാം പേരുകാരി യായ ശ്രീമതി. പി.കെ. രാജശ്രീക്കാണ് ടി തസ്തികയിൽ നിയമനം ലഭിക്കുവാൻ അർഹതയുണ്ടായിരുന്നത് എന്നും അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സേവന മനുഷ്ഠിക്കവെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷനിൽ പ്രവേശിച്ച ശ്രീമതി. പി.കെ.രാജശ്രീ ജോയിന്റ് ഡയറക്ടറായി ഉദ്യോഗക്കയറ്റത്തിനുള്ള ശുപാർശ നൽകുന്ന കാലയളവിലും ടി തസ്തികയിൽ ഡെപ്യൂട്ടേഷനിൽ സേവന മനുഷ്ഠിക്കുകയായിരുന്നു എന്നും ടിയാൾക്ക് ജോയിന്റ് ഡയറക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചാലും കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ തുടരാൻ അനുവദിക്കണമെന്ന് ടി കാര്യാലയ ത്തിൽ അറിയിക്കുകയുണ്ടായി എന്നും ടി സാഹചര്യത്തിൽ ശ്രീമതി. പി.കെ.രാജശ്രീക്ക് ഉദ്യോഗക്കയറ്റം നൽകി ഡെപ്യൂട്ടേഷനിൽ തുടരുവാൻ അനുമതി നൽകുവാനും ഇപ്രകാരമുണ്ടാകുന്ന ജോയിന്റ് ഡയറക്ടർ തസ്തികയിലെ ഒഴിവിലേക്ക് സെലക്ട് ലിസ്റ്റിലെ മൂന്നാം പേരുകാരിയായ ശ്രീമതി. കെ.ജി.ശ്രീദേവിക്ക് ഉദ്യോഗക്കയറ്റം നൽകു വാനും ടി കാര്യാലയത്തിൽ നിന്നും നിയമനാധികാരിയായ സർക്കാരിന് ശുപാർശ നൽകുകയുമുണ്ടായി എന്നും പ്രസ്തുത ശുപാർശ സർക്കാർ അംഗീകരിക്കുകയും ശ്രീമതി. പി.കെ.രാജശ്രീക്ക് ജോയിന്റ് ഡയറക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി ഡെപ്യൂട്ടേഷനിൽ തുടരുവാൻ അനുമതി നൽകിയും അതു വഴിയുണ്ടായ ഒഴിവി ലേക്ക് സെലക്ട് ലിസ്റ്റിലെ മുന്നാം പേരുകാരിയായ ശ്രീമതി. കെ.ജി.ശ്രീദേവിക്ക് ഉദ്യോഗ ക്കയറ്റം നൽകിയും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി എന്നും ശ്രീമതി. കെ.ജി.ശ്രീദേവി 31.01.2016 മുതൽ പെൻഷൻ പ്രാരംഭ അവധിയിൽ പ്രവേശിച്ചതിനു ശേഷ മാണ് ഡെപ്യൂട്ടേഷൻ അവസാനിച്ചതിനെ തുടർന്ന് 11.02.2016 പൂർവ്വാഹ്നത്തിൽ ശ്രീമതി. പി.കെ.രാജശ്രീ., ടി കാര്യാലയത്തിൽ ജോയിന്റ് ഡയറക്ടർ തസ്തികയിൽ പ്രവേശിച്ചത്

എന്നും ടിയാൾ ജോലിയിൽ പ്രവേശിച്ചതിനാൽ ഒരു കാലഘട്ടത്തിലും ജോയിന്റ് ഡയറക്ടർ തസ്തികയിലെ നിയമനങ്ങൾ കേഡർ സ്ട്രെങ്ത് അധികരിച്ചിട്ടില്ലാത്തതാണ് എന്നും തൃശ്ശൂർ സ്വദേശിനിയായ ശ്രീമതി.കെ.ജി.ശ്രീദേവിയുടെ ഭർത്താവിന് സ്ട്രോക്ക് ബാധിച്ച് എറണാകുളം ജില്ലയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായതിനെ തുടർന്ന് ടിയാന്റെ പരിചരണത്തിനായാണ് ശ്രീമതി.കെ.ജി. ശ്രീദേവി ടി കാലയളവിൽ അവധിയിൽ പ്രവേശിച്ചത് എന്നും ഭരണപരമായ കാരണങ്ങളാലാണ് ടിയാൾക്ക് പെൻഷൻ പ്രാരംഭ അവധി അനുവദിക്കുവാൻ കാലതാമസം നേരിട്ടത് എന്നും ഹർജിക്കാരൻ പരാതിയിൽ ഉന്നയിച്ചതു പോലെ ക്രമവിരുദ്ധമായ നടപടികളൊന്നും ടി കാര്യാലയത്തിൽ നിന്നും സ്വീകരിച്ചിട്ടില്ല എന്നും ടി വിഷയം സംബന്ധിച്ച് വ്യക്തമായ മറുപടികളാണ് ടി കാര്യാലയത്തിൽ നിന്നും ഹർജിക്കാരന് നൽകിയിട്ടുള്ളത് എന്നും മറ്റുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, എതിർ കക്ഷികൾ ഹർജിക്കാരന് വ്യക്തവും പൂർണ്ണവുമായ വിവരങ്ങളാണ് നൽകിയിരിക്കുന്നത് എന്നു കാണുന്നു. എന്നാൽ ശ്രീമതി. കെ.ജി.ശ്രീദേവിയുടെ ജോയിന്റ് ഡയറക്ടർ തസ്തികയിലേക്കു നടത്തിയ നിയമനം ക്രമപ്രകാരമാണോ നിയമപരമാണോ എന്നൊന്നും പരിശോധിക്കുവാനുള്ള ഉത്തരവാദിത്വം കമ്മീഷനില്ല. എതിർകക്ഷികൾ ഹർജിക്കാരനു നൽകിയിരിക്കുന്ന വിവരങ്ങൾ വ്യക്തവും പൂർണ്ണവുമാണെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2017 ജൂലൈ 29-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

gk.

RIGHT TO INFORMATION